# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1810

## (16.02.2016 ലെ മറുപടിക്ക്)

## <u>ഇ-ടെണ്ടറിംഗ് വ്യവസ്ഥയിൽ ഇളവ്</u>

**ചോദ്യം**
**ശ്രീ. ചിറയം ഗോപകുമാർ**

**ഉത്തരം**
**ശ്രീ. ഉമ്മൻ ചാണ്ടി**
**(ബഹു. മുഖ്യമന്ത്രി)**

| | | |
|---|---|---|
| (എ) | എസ്റ്റിമേറ്റ് തുക അഞ്ച് ലക്ഷത്തിനും പതിനഞ്ചു ലക്ഷത്തിനും ഇടയ്ക്കുള്ള ചില പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് വ്യവസ്ഥ ഒഴിവാക്കി ധനകാര്യ (ഇൻഡസ്ട്രീസ്&പി.ഡബ്ല്യു.ഡി വകുപ്പ് സ.ഉ.(പി)നം. 4/2016/ധന തീയതി 13.01.2016 ഉത്തരവ് പുറപ്പെടുവിച്ചതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | നടപ്പ് സാമ്പത്തിക വർഷം 31.3.2016 നകം പൂർത്തിയാക്കേണ്ട പ്രവൃത്തികൾ ത്വരിതപ്പെടുത്തേണ്ട സാഹചര്യം കണക്കിലെടുത്താണ് 18.01.2016-ലെ സ.ഉ. (പി) നം. 4/2016/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) | പട്ടികജാതി വകുപ്പ് കോർപ്പസ് ഫണ്ട് വിനിയോഗിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ നിർവ്വഹണ ഏജൻസികളായിട്ടുള്ള പ്രവൃത്തികൾക്കും നടപ്പ് സാമ്പത്തിക വർഷത്തിൽഇത്തരത്തിൽ ടെണ്ടറിംഗ് വ്യവസ്ഥ ഒഴിവാക്കി യിട്ടുണ്ടോ; | ഇ-ടെണ്ടർ ഏർപ്പെടുത്തുന്നതിനു മുൻപ് ഗുണഭോക്തൃ സമിതികൾ (Beneficiary Committee) നിലവിലുണ്ടായിരുന്ന മേഖല കളിൽ ടി സമിതികൾ മുഖേന 31.3.2016-വരെ ചെയ്യേണ്ടുന്ന പ്രവൃത്തികൾക്കാണ് ടെണ്ടർ നടപടികൾ ഒഴിവാക്കിയിട്ടുള്ളത്. |
| (സി) | മേൽ ഉത്തരവിലെ രണ്ടാം ഖണ്ഡികയിലെ "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികൾ ക്കൊഴികെ" എന്ന സൂചനയുടെ സ്പഷ്ടീകരണം ലഭ്യമാക്കുമോ? | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 5 ലക്ഷം രൂപയും അതിനുമുകളിലുമുള്ള എല്ലാ മരാമത്ത് പ്രവൃത്തികളും ഇ-ടെണ്ടർ വഴി നടപ്പിലാക്കണമെന്ന ബഹു. ഹൈക്കോടതി യുടെ വിധിന്യായത്തിന്റെ അടിസ്ഥാന ത്തിൽ 17/11/2015-ലെ സ.ഉ. (പി) നം. 524/15/ധന ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എസ്റ്റിമേറ്റ് തുക അഞ്ച് ലക്ഷം രൂപയും അതിനുമുകളിലുമുള്ള എല്ലാ പ്രവൃത്തികളും ഇ-ടെണ്ടറിന്റെ പരിധിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**